63 (1169) എം.വി.ഐ.പി. പദ്ധതിയുടെ പുരോഗതി

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.വി.ഐ.പി. ഭാഗീകമായി കമ്മിഷൻ ചെയ്തത് എന്നാണ്; ഇത് പൂർണ്ണമായി കമ്മിഷൻ ചെയ്യാൻ മുൻ സർക്കാർ നിശ്ചയിച്ചിരുന്ന വർഷം ഏതാണ്;

(ബി) പൂർണ്ണ കമ്മീഷനിംഗിനായി പുതുക്കി നിശ്ചയിച്ചിരിക്കുന്ന വർഷം ഏതാണ്;

(സി) പണികൾ നടന്നുകൊണ്ടിരിക്കുന്ന ഓരോ പ്രോജക്ടുകളും ആരംഭിച്ചപ്പോൾ പ്രതീക്ഷിച്ചിരുന്ന ചെലവും പുതുക്കിയ തീയതി അനുസരിച്ച് പൂർത്തിയാകുമ്പോൾ വരുന്ന ചെലവും എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1.11.1994 ലാണ് എം.വി.ഐ.പി. ഭാഗീകമായി കമ്മിഷൻ ചെയ്തത്. പ്രസ്തുത പദ്ധതി സെൻട്രൽ വാട്ടർ കമ്മിഷന്റെ 6-ാം സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 1999ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) 2001-ൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി)

പദ്ധതി	ആരംഭത്തിൽ പ്രതീക്ഷിച്ചിരുന്ന ചെലവ്	പുതുക്കിയ തീയതി അനുസരിച്ചുള്ള ചെലവ്
മൂവാറ്റുപുഴവാലി ജലസേചന പദ്ധതി	4808 ലക്ഷം	465 കോടി
ഇടമലയാർ ജലസേചന പദ്ധതി	1785 ലക്ഷം	150 കോടി
വാമനപുരം ജലസേചന പദ്ധതി	36.4 കോടി	221 കോടി
കാഞ്ഞിരപ്പുഴ പദ്ധതി	365 ലക്ഷം	11200 ലക്ഷം
പഴശ്ശി ജലസേചന പദ്ധതി	442 ലക്ഷം	13600 ലക്ഷം
കാരാപ്പുഴ പദ്ധതി	760 ലക്ഷം	22500 ലക്ഷം
കുരിയാർകുറ്റി കാരപ്പാറ പദ്ധതി	10000 ലക്ഷം	13500 ലക്ഷം
ബാണാസുരസാഗർ പദ്ധതി	3300 ലക്ഷം	3780 ലക്ഷം
തൃത്താല റഗുലേറ്റർ കം-ബ്രിഡ്ജ്	1900 ലക്ഷം	1900 ലക്ഷം
കല്ലട ജലസേചന പദ്ധതി	13.28 കോടി	698 കോടി

LIBRARY ARCHIVES Kerala Legislative Assembly